**പതിമൂന്നാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **994** **11.03.2015** ലെ മറുപടിക്ക്

**<u>മേലെപാൽച്ചുരം പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യ വികസനം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | കൊട്ടിയൂർ പഞ്ചായത്തിലെ മേലെപാൽച്ചുരം പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാം; മേൽ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം? | (എ) | കണ്ണൂർ ജില്ലയിലെ പാൽച്ചുരം എസ്.സി കോളനി അടിസ്ഥാന സൗകര്യ വികസനത്തിനായി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന ഗാന്ധിഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വിവിധ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി സ.ഉ (കൈ) നമ്പർ 70/2014/പജപവവിവ തീയതി 30.09.2014 പ്രകാരം ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോയാണ് പ്രസ്തുത കോളനിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. പ്രസ്തുത പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകുകയും പ്രോജക്ട് കോസ്റ്റിന്റെ 25% തുക മുൻകൂറായി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ